# പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 114  03.12.2018 ൽ മറുപടിക്ക്**

**പ്രളയത്തിൽ റോഡുകൾക്കുണ്ടായ നാശനഷ്ടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2018-ലെ പ്രളയത്തിൽ റോഡുകൾക്കുണ്ടായ നാശനഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; പുനർനിർമ്മാണത്തിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; | എ) കണക്കാക്കിയിട്ടുണ്ട്. നിരത്തുവിഭാഗത്തിന്റെ കീഴിലെ റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി **955.15** കോടി രൂപയും ഉപരിതലം പുതുക്കി ഗതാഗത യോഗ്യമാക്കുന്നതിന് **6591** കോടി രൂപയും ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിന് **5975** കോടി രൂപയും ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനായി ദുരന്തനിവാരണ വകുപ്പിന് **2828** കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് **911.75** കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി **(Annual Plan) 2018-19** ൽ ഉൾപ്പെടുത്തി **206.85** കോടി രൂപയുടെ വിഹിതം നീക്കി വച്ചിട്ടുള്ളതും, ആന്വൽ റിന്യൂവൽ പ്രോഗ്രാം **(Annual Renewal Programme) 2018-19**ൽ ഉൾപ്പെടുത്തി **74.50** കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള **630.40** കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി **2018-19** ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം **2019-20** ന്റെ കേരളത്തിന്റെ വിഹിതമായി **178** കോടി രൂപ |

നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും **178** കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കെ. ആർ. എഫ്. ബിയുടെ കീഴിൽ വരുന്ന ശംഖുമുഖം ബീച്ച് റോഡ് ഭാഗികമായി ഏകദേശം **300** മീ. തകർന്നിട്ടുണ്ട്. ആയത് പുന:സ്ഥാപിക്കുന്നതിന് കണക്കാക്കിയിട്ടുള്ള ചെലവ് **42.62** ലക്ഷം രൂപയാണ്.

ബി) വൻതോതിലുള്ള പുനർനിർമ്മാണം ആവശ്യമായ സാഹചര്യത്തിൽ അതിനുവേണ്ട നിർമ്മാണ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കാനുദ്ദേശിക്കുന്ന മാർഗ്ഗം എന്താണെന്ന് വെളിപ്പെടുത്താമോ;

ബി) റോഡ് നിർമ്മാണത്തിന് ആവശ്യമായ ഗ്രാവൽ, മെറ്റൽ, മണൽ എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ആയത് പരിഹരിക്കുന്നിതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുവാനായി തീരുമാനം എടുത്തിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റോഡ് നിർമ്മാണത്തിനാവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. കൂടാതെ മറ്റു രാജ്യങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ച് വരികയാണ്.

സി) പ്രളയത്തിൽ തകർന്ന ദേശീയ പാതകൾ ഗതാഗതയോഗ്യമാക്കാനും പുനരുദ്ധരിക്കാനും ദേശീയപാത അതോറിറ്റി വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

സി) അപ്രകാരമുള്ള പരാതികളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ